കേരള സാഹിത്യ അക്കാദമി
തൃശൂർ
06.02.2018

പത്രക്കുറിപ്പ്

# കുരീപ്പുഴക്കെതിരായ കയ്യേറ്റത്തിൽ സാഹിത്യ അക്കാദമി പ്രതിഷേധിച്ചു

തൃശൂർ : കേരളത്തിന്റെ പ്രിയങ്കരനായ കവി കുരീപ്പുഴ ശ്രീകുമാർ ആക്രമിക്കപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ചുകൊണ്ട് കേരള സാഹിത്യ അക്കാദമിയുടെ പ്രമേയം പ്രസിഡന്റ് വൈശാഖൻ ദേശീയ പുസ്തകോത്സവവേദിയിൽ അവതരിപ്പിച്ചു. അഭിപ്രായപ്രകടനത്തിനും ആവിഷ്കാരത്തിനുംവേണ്ടിയുള്ള സ്വാതന്ത്ര്യം കേരളജനത ആർക്കും അടിയറവ് വെച്ചിട്ടില്ല. കുരീപ്പുഴ ആക്രമിക്കപ്പെട്ടത് കേരളത്തിന്റെ സാംസ്കാരികമനഃസാക്ഷിയെ മുറിവേൽപ്പിച്ച സംഭവമാണ്. ഇനിയൊരു സാംസ്കാരികപ്രവർത്തകനും വേട്ടയാടപ്പെടാതിരിക്കാൻ ജനാധിപത്യശക്തികൾ ഉണർന്നിരിക്കണമെന്ന് പ്രമേയം ചൂണ്ടിക്കാട്ടി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി